REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 30-05-2026** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- **പശ്ചിമേഷ്യൻ സംഘർഷം കണക്കിലെടുത്ത് 30 ദിവസത്തെയെങ്കിലും LPG കരുതൽ ശേഖരം ഉറപ്പുവരുത്തണമെന്ന് പൊതുമേഖലാ എണ്ണ കമ്പനികൾക്ക് കേന്ദ്ര നിർദ്ദേശം.**
- **CBSE യുടെ റിസൽട്ടാനന്തര പോർട്ടൽ ജൂൺ ഒന്നിന് പ്രവർത്തനമാരംഭിക്കും.**
- **ആരോഗ്യ വകുപ്പിന്റെ ജനകീയ മഹാ ശുചീകരണ പ്രവർത്തന യജ്ഞം "തുടക്കം" രാവിലെ മന്ത്രി K മുരളീധരൻ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും.**
- **മുൻ മന്ത്രിയും, കേരളാ കോൺഗ്രസ് ജോസഫ് വിഭാഗം ഡപ്യൂട്ടി ചെയർമാനുമായിരുന്ന T.U കുരുവിള കൊച്ചിയിൽ അന്തരിച്ചു.**
- **IPL ക്രിക്കറ്റ് രണ്ടാം ക്വാളിഫയറിൽ വിജയിച്ച് ഗുജറാത്ത് ടൈറ്റൻസ് ഫൈനൽബെർത്ത് സ്വന്തമാക്കി.**

## വാർത്തകൾ വിശദമായി

പശ്ചിമേഷ്യൻ സംഘർഷം കണക്കിലെടുത്ത് കുറഞ്ഞത് 30 ദിവസത്തെയെങ്കിലും LPG കരുതൽ ശേഖരം ഉറപ്പുവരുത്തണമെന്ന് പൊതുമേഖലാ എണ്ണ കമ്പനികളോട് കേന്ദ്രഗവൺമെന്റ് ആവശ്യപ്പെട്ടു. രാജ്യത്തെ LPG ഉൽപ്പാദനം പ്രതിദിനം 92,000 മെട്രിക് ടണ്ണായി വർധിച്ച് റെക്കോർഡ് നേട്ടം കൈവരിച്ചതായി പെട്രോളിയം പ്രകൃതി വാതക മന്ത്രാലയം ന്യൂഡൽഹിയിൽ അറിയിച്ചു.

ഇന്ത്യയിൽ ഇന്ധനക്ഷാമം ഇല്ലെന്നും ആവശ്യത്തിന് പെട്രോൾ, ഡീസൽ, LPG എന്നിവയുടെ കരുതൽ ശേഖരമുണ്ടെന്നും എല്ലാ റിഫൈനറികളും മികച്ച നിലവാരത്തിലാണ് പ്രവർത്തിക്കുന്നതെന്നും മന്ത്രാലയം ജോയിന്റ് സെക്രട്ടറി സുജാതാ ശർമ്മ പറഞ്ഞു. അന്തർ മന്ത്രാലയ സമിതി യോഗത്തിന് ശേഷം മാധ്യമങ്ങളെ അറിയിച്ചതാണിത്.

✪✪✪

അടിയന്തിര സുരക്ഷാ വെല്ലുവിളികൾ നേരിടാൻ അതിർത്തി രക്ഷാ സേനയ്ക്ക് അധിക ചുമതലകൾ നൽകുന്നതിനെ കുറിച്ചാലോചിക്കുമെന്ന് ആഭ്യന്തരമന്ത്രി അമിത് ഷാ അറിയിച്ചു. ഗുജറാത്തിലെ ഭുജിൽ ഇന്ത്യ പാക്കിസ്ഥാൻ അതിർത്തിയിലെ രണ്ടു ഔട്ട് പോസ്റ്റുകൾ ഉദ്ഘാടനം ചെയ്യവെ BSF ജവാന്മാരുമായി സംവദിക്കുകയായിരുന്നു അമിത്ഷാ.

✪✪✪

സമഗ്രശിക്ഷാ അഭിയാന്റെ ഫണ്ട് അനുവദിക്കലും, വിനിയോഗവും ന്യൂഡൽഹിയിൽ വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ അവലോകനം ചെയ്തു. സമഗ്രശിക്ഷ- 3.0 കൂടുതൽ കാര്യക്ഷമവും, സുതാര്യവുമാക്കുന്നതിനും, ഫലപ്രാപ്തി ബന്ധിതമാക്കുന്നതിനും ലക്ഷ്യമിട്ടാണ് യോഗം ചേർന്നതെന്ന് സാമൂഹിക മാധ്യമകുറിപ്പിൽ പ്രധാൻ അറിയിച്ചു. SSA, PM - പോഷൺ, ULLAS , PM- ശ്രീ അടക്കം പ്രധാന പദ്ധതികൾ സമഗ്ര സമീപനത്തിലൂടെ കേന്ദ്രീകരിക്കുന്നതിനാണ് ഗവണ്മെന്റ് ശ്രമിക്കുന്നത്. ഇത് സ്കൂൾ വിദ്യാഭ്യാസ രീതിയിൽ കൂടുതൽ ഏകോപനത്തിനും, ഫലപ്രാപ്തിയ്ക്കും വഴിയൊരുക്കുമെന്ന് പ്രധാൻ വിലയിരുത്തി.

ദേശീയ വിദ്യാഭ്യാസ നയം നടപ്പാക്കുന്നതിൽ കേന്ദ്ര- സംസ്ഥാന പങ്കാളിത്തം ശക്തമാക്കുന്നതിനും, സഹകരണ ഫെഡറലിസം ഉറപ്പാക്കാനും ഊന്നൽ നൽകുകയാണ് ഗവണ്മെന്റിന്റെ പ്രവർത്തനമെന്നും കേന്ദ്രമന്ത്രി കുറിച്ചു.

✪✪✪

CBSE യുടെ റിസൽട്ടാനന്തര പോർട്ടൽ ജൂൺ ഒന്നിന് പ്രവർത്തനമാരംഭിക്കും. ഉത്തരക്കടലാസ് പരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനും, സുതാര്യതയും പ്രശ്ന രാഹിത്യവും ഉറപ്പാക്കുകയാണ് പോർട്ടലിന്റെ ലക്ഷ്യമെന്ന് CBSE കേന്ദ്രങ്ങൾ അറിയിച്ചു. മൂല്യനിർണയത്തിന്റെ ഉയർന്ന നിലവാരം നടപടിയിലൂടെ സാധ്യമാകുമെന്ന് CBSE വ്യക്തമാക്കി.

✪✪✪

ഉടമസ്ഥരെ കണ്ടെത്താൻ കഴിയാത്ത ബാങ്ക് ആസ്തികളെക്കുറിച്ച് എളുപ്പത്തിൽ വിവരങ്ങൾ ലഭ്യമാക്കാൻ ധനകാര്യ സേവന വകുപ്പ്, പോർട്ടൽ

തുടങ്ങി. രാജ്യത്തെ പന്ത്രണ്ടു പൊതുമേഖലാ ബാങ്കുകൾക്ക് കീഴിലെ സംയുക്ത സംരംഭമായാണ്  പോർട്ടൽ വികസിപ്പിച്ചത്.

ഉടമസ്ഥരില്ലാത്ത ബാങ്ക് നിക്ഷേപങ്ങൾ, ഇൻഷുറൻസ് ക്ലെയിമുകൾ, ഓഹരികൾ, ഡിവിഡന്റുകൾ, മ്യൂച്ചൽ ഫണ്ടുകൾ തുടങ്ങിയവയുടെ വിവരങ്ങൾ പോർട്ടലിൽ  ലഭ്യമാകും.

✪✪✪

ന്യൂഡൽഹി ഇന്ദിരാഗാന്ധി വിമാനത്താവളത്തിൽ ഇന്ത്യൻ വ്യോമയാന ചരിത്രത്തിൽ പുതിയ അദ്ധ്യായം കുറിച്ച്  'സ്കൈ കാസ്റ്റ് ' പദ്ധതി  കേന്ദ്ര മന്ത്രി ഡോ. ജിതേന്ദ്ര സിങ്  ഉദ്ഘാടനം ചെയ്തു. അതിനൂതന സാങ്കേതിക വിദ്യയിലൂടെ റിമോട്ട് സെൻസിംഗ് വഴി കാലാവസ്ഥാ നിരീക്ഷണതിനു പയോഗിക്കുന്ന 'സ്കൈ കാസ്റ്റ് ' പദ്ധതി സ്വായത്തമാക്കുന്ന പത്തൊമ്പതാമത്തെ രാജ്യമാണ് ഇന്ത്യയെന്ന് അദ്ദേഹം പറഞ്ഞു. രാജ്യത്തെ കൂടുതൽ  വിമാനത്താവളിലേക്ക് സംവിധാനം വ്യാപിപ്പിക്കുമെന്നും ഡോ. സിംഗ് അറിയിച്ചു.

✪✪✪

കഴിഞ്ഞ സാമ്പത്തിക വർഷം ബാങ്കുകൾ അടക്കം ധനകാര്യ സ്ഥാപനങ്ങളിൽ 48,021 കോടിയിലേറെ രൂപയുടെ സാമ്പത്തിക തട്ടിപ്പ് ഉണ്ടായതായി റിസർവ് ബാങ്ക്  അറിയിച്ചു. 10,114 തട്ടിപ്പു കേസുകളാണ് കഴിഞ്ഞ വർഷം റിപ്പോർട്ട് ചെയ്തത്.

കഴിഞ്ഞ മൂന്നു വർഷത്തിൽ പൊതു - സ്വകാര്യ മേഖല ബാങ്കുകളിൽ സാമ്പത്തിക തട്ടിപ്പിന്റെ എണ്ണം കുറഞ്ഞെങ്കിലും തട്ടിപ്പു തുക വർദ്ധിക്കുകയായിരുന്നു.

✪✪✪

സംസ്ഥാനത്ത് സമ്പൂർണ ശുചിത്വം ലക്ഷ്യമിട്ട് ആരോഗ്യ വകുപ്പിന്റെ  ജനകീയ മഹാ ശുചീകരണ പ്രവർത്തന യജ്ഞം  "തുടക്കം"  രാവിലെ മന്ത്രി K മുരളീധരൻ  തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. മെഡിക്കൽ കോളേജ് ക്യാമ്പസിലേതടക്കം വെള്ളക്കെട്ട് ഒഴിവാക്കാനും, കൊതുക് ജന്യരോഗങ്ങൾ നിയന്ത്രിക്കാനും, മാലിന്യ നിർമ്മാർജ്ജനം, രോഗപ്രതിരോധ പ്രവർത്തനങ്ങൾ എന്നിവ ശക്തിപ്പെടുത്താനും  ലക്ഷ്യമിടുന്നതാണ് പദ്ധതി.

പരിപാടിയിൽ ആശുപത്രിയും, കോളേജും, ഓഫീസ് പരിസരവും ശുചീകരിക്കും. ഡ്രെയിനേജ് സംവിധാനവും , മാലിന്യ സംസ്കരണ കേന്ദ്രങ്ങളും വൃത്തിയാക്കാനും നടപടിയുണ്ടാകും.

✪✪✪

മുൻ മന്ത്രിയും, കേരളാ കോൺഗ്രസ് ജോസഫ് വിഭാഗം ഡപ്യൂട്ടി ചെയർമാനുമായിരുന്ന T.U കുരുവിള അന്തരിച്ചു. അദ്ദേഹത്തിന് 89 വയസ്സായിരുന്നു. ശ്വാസകോശ രോഗത്തെ തുടർന്ന് കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിൽ ഇന്നലെ രാത്രിയായിരുന്നു അന്ത്യം. സംസ്കാരം നാളെ ഉച്ച കഴിഞ്ഞ് കോതമംഗലം ചേലാട് സെന്റ് സ്റ്റീഫൻസ് ബെസനിയ വലിയപള്ളിയിൽ നടത്തും.

അരുനൂറ്റാണ്ടിലേറെ രാഷ്ട്രീയ-പൊതുമേഖലകളിലെ സജീവ സാന്നിധ്യമായിരുന്നു TU കുരുവിള. 2006 ലും 2011 ലും കോതമംഗലത്തുനിന്ന് നിയമസഭയിലെത്തി. 2016 ൽ മത്സരിച്ചെങ്കിലും പരാജയപ്പെട്ടു.

2006 ൽ VS അച്യുതാനന്ദൻ മന്ത്രിസഭയിൽ പൊതുമരാമത്ത് മന്ത്രിയായിരുന്നു. പ്ലാന്റേഷൻ കോർപ്പറേഷൻ, ഹൗസിംഗ് ബോർഡ് എന്നിവയുടെ ചെയർമാനായും പ്രവർത്തിച്ചു.

പ്രതിപക്ഷ നേതാവ് പിണറായി വിജയൻ കുരുവിളയുടെ നിര്യാണത്തിൽ അനുശോചനം അറിയിച്ചു.

✪✪✪

കോഴിക്കോട് മുൻ മേയറും മുതിർന്ന CPIM നേതാവുമായിരുന്ന TP ദാസൻ കോഴിക്കോട്ട് അന്തരിച്ചു. അദ്ദേഹത്തിന് 76 വയസ്സായിരുന്നു. സംസ്ഥാന സ്പോർട്സ് കൗൺസിൽ പ്രസിഡന്റ്, KTDC ഡയറക്ടർ തുടങ്ങിയ നിലയിൽ പ്രവർത്തിച്ചിരുന്നു.

1967ൽ CPIM അംഗമായ ദാസൻ പാർട്ടി ജില്ലാസെക്രട്ടറിയേറ്റ് അംഗമായും KSF ജില്ലാസെക്രട്ടറിയായും, DYFI സ്ഥാപക പ്രസിഡന്റായും പ്രവർത്തിച്ചിട്ടുണ്ട്.

✪✪✪

മുതിർന്ന കോൺഗ്രസ് നേതാവും മുൻ MP യുമായിരുന്ന KP ധനപാലൻ എറണാകുളത്ത് നിര്യാതനായി. 76 വയസ്സായിരുന്നു. ശാരീരിക അസ്വാസ്ഥ്യത്തെത്തുടർന്ന് പുലർച്ചെ പറവൂരിലെ സ്വകാര്യ ആശുപത്രിയിലായിരുന്നു അദ്ദേഹത്തിന്റെ അന്ത്യം.

✪✪✪

അതിരപ്പിള്ളിയിൽ കാട്ടാന ആക്രമണത്തിൽ ഒരാൾ മരിച്ചു. വെറ്റിലപ്പാറ സ്വദേശി പുല്ലാർക്കാട്ട് മോഹനൻ ആണ് പുലർച്ചെ കാട്ടാനയെ ഓടിക്കാൻ ശ്രമിക്കുന്നതിനിടെ ആനയുടെ ആക്രമണത്തിൽ മരിച്ചത്.

✪✪✪

IPL ക്രിക്കറ്റ് രണ്ടാം ക്വാളിഫയറിൽ ഗുജറാത്ത് ടൈറ്റൻസ്, രാജസ്ഥാൻ റോയൽസിനെ ഏഴ് വിക്കറ്റിന് തകർത്തു. ഇതോടെ അവർ രണ്ടാം ഫൈനലിസ്റ്റുകളായി. ന്യൂചണ്ഡിഗഡിൽ 215 റൺസ് വിജയലക്ഷ്യവുമായി കളിക്കാനിറങ്ങിയ ഗുജറാത്ത്, എട്ട് പന്തുകൾ ശേഷിക്കെ മൂന്ന് വിക്കറ്റിന് 219 റൺസെടുത്തു.

ഗുജറാത്ത് ടൈറ്റൻസ് നാളെ, നിലവിൽ ചാമ്പ്യൻമാരായ റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവിനെ ഫൈനൽ മത്സരത്തിൽ നേരിടും. വൈകിട്ട് 7-30 നാണ് മത്സരം.

✪✪✪

ഏഷ്യയിലെ ഏറ്റവും വലിയ വൈറ്റ് വാട്ടർ കയാക്കിങ് മത്സരവും, സാഹസിക കായിക മേളയുമായ മലബാർ റിവർ ഫെസ്റ്റിവലിന്റെ 12-ാം പതിപ്പ് ജൂലൈ 30, 31, ഓഗസ്റ്റ് 1, 2 തീയതികളിൽ കോഴിക്കോട്ട് നടത്തും. മന്ത്രി P.C വിഷ്ണുനാഥിന്റെ അധ്യക്ഷതയിൽ നിയമസഭാ മന്ദിരത്തിൽ ചേർന്ന ആലോചനാ യോഗത്തിൽ റിവർ ഫെസ്റ്റിവലിന്റെ ഒരുക്കങ്ങൾ വിലയിരുത്തി.

✪✪✪

കാസർകോടിന്റെ മുഖച്ഛായ മാറ്റാൻ 100 കോടിയുടെ വികസന പാക്കേജ് കരട് പദ്ധതി സമർപ്പിച്ചു.

കാസർകോട്ട് നിന്ന് P.ജഗന്നിവാസൻ .......................

.......(വോയ്സ്).......

✪✪✪

തിരുവനന്തപുരം ശ്രീപത്മനാഭ സ്വാമിക്ഷേത്രത്തിലെ അമൂല്യ വജ്രാഭരണവും, വിളക്കും ക്ഷേത്രത്തിൽ തന്നെ സൂക്ഷിച്ചിട്ടുണ്ടെന്ന് ക്ഷേത്ര അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ പരിശോധിച്ച് കണ്ടെത്തി. ഭക്തജനങ്ങൾ സമർപ്പിച്ച സ്വർണനാണയങ്ങളും, സ്വർണക്കട്ടികളും ഉൾപ്പെടെ സമർപ്പിത വസ്തുക്കൾ സുരക്ഷിതമാണെന്നും റിപ്പോർട്ടിൽ പറയുന്നു.

സംസ്ഥാന പൊലീസ് മേധാവി ഗവണ്മെന്റിന് നൽകിയ റിപ്പോർട്ടിൽ വൈരനാമമെന്ന വജ്രാഭരണവും, വിളക്കും നഷ്ടപ്പെട്ടെന്ന് അറിയിച്ചിരുന്നു.

വസ്തുതകൾ പരിശോധിക്കാതെയും, അന്വേഷിക്കാതെയും വസ്തുവിരുദ്ധ റിപ്പോർട്ട് സമർപ്പിച്ച പൊലീസ് ഉദ്യോഗസ്ഥർക്കെതിരെ ഉചിതമായ നടപടിയെടുക്കണമെന്ന് ക്ഷേത്ര ഭരണ സമിതി ഗവൺമെന്റിനോട് ആവശ്യപ്പെടും. ഇന്നലെ ചേർന്ന ഭരണസമിതിയോഗത്തിലാണ് തീരുമാനം.

✪✪✪

കൊച്ചി നഗരസഭയുടെ സുസ്ഥിര വികസനവും അടിസ്ഥാന സൗകര്യങ്ങളും ലക്ഷ്യമിടുന്ന ഒൻപത് മുൻഗണനാ പദ്ധതികളുടെ സമഗ്ര നിർദ്ദേശം മേയറുടെ നേതൃത്വത്തിൽ മുഖ്യമന്ത്രിക്ക് കൈമാറി. നഗരം നേരിടുന്ന ഗതാഗതക്കുരുക്ക്, കുടിവെള്ള ക്ഷാമം, മാലിന്യപ്രശ്നങ്ങൾ എന്നിവയ്ക്ക് ദീർഘകാല പരിഹാരം കാണുകയാണ് പദ്ധതികളുടെ ലക്ഷ്യം.

✪✪✪

കോഴിക്കോട്ടെ ആകാശവാണി, ദൂരദർശൻ നിലയങ്ങളുടെ പ്രോഗ്രാം മേധാവി K.V ശരത്ചന്ദ്രൻ സർവീസിൽ നിന്ന് വിരമിച്ചു. റേഡിയോ നാടകങ്ങളിലൂടെ ശ്രദ്ധേയനായ ശരത്ചന്ദ്രൻ, ഇന്ത്യൻ സിനിമയുടെ സംഗീത ചരിത്രം അടയാളപ്പെടുത്തിയ ഗാനലോക വീഥികളിൽ എന്ന പരിപാടിയുടെ രചയിതാവുമാണ്. ആകാശവാണി നിലയങ്ങളിൽ 34 വർഷത്തെ പ്രശസ്ത സേവനത്തിനു ശേഷമാണ് അദ്ദേഹം ഇന്നലെ വിരമിച്ചത്.

ദേശീയ പുരസ്കാരങ്ങൾക്ക് പുറമേ സംസ്ഥാന ഗവൺമെന്റിന്റെ മാധ്യമ പുസ്കാരവും, VT കുമാരൻ അവാർഡ്, ഇടശ്ശേരി അവാർഡ് എന്നിവയും ശരത്ചന്ദ്രന് ലഭിച്ചിട്ടുണ്ട്.

✪✪✪

കലാമണ്ഡലം കൃഷ്ണൻകുട്ടി പൊതുവാളിന്റെ 102 -ാം ജന്മദിനാഘോഷവും, കലാസാഗർ പുരസ്കാര സമർപ്പണവും ചെർപ്പുളശ്ശേരിയിൽ ഇന്നലെ നടത്തി. കഥകളി മേഖലയിലെ പ്രാഗത്ഭ്യം തെളിയിച്ചവർക്ക് ചടങ്ങിൽ പുരസ്കാരങ്ങൾ സമ്മാനിച്ചു. മട്ടന്നൂർ ശങ്കരൻ കുട്ടി മാരാർ ചടങ്ങ് ഉദ്ഘാടനം ചെയ്തു.

✪✪✪

---

***News Editor : വി കെ സുരേഷ്***
***News Reader: അനിൽ ചന്ദ്രൻ***
***News Team: ശ്രീജി, മണികണ്ഠൻ***
***DEO : ഷീബ***